**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4249** **09-08-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷ കേരളയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിക്ഷ കേരളയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | ഉണ്ട്. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ 2017-18 -ൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ തുടർ വർഷങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടും പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ ശമ്പളം വെട്ടിച്ചുരുക്കുവാൻ ഇടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളമായി കേന്ദ്ര സർക്കാർ 29,000/- (ഇരുപത്തി ഒൻപതിനായിരം രൂപ) രൂപയാണ് 2017-18 വർഷത്തിൽ നൽകിയിരുന്നത്. എന്നാൽ 2018-19-ൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗ് തീരുമാന പ്രകാരം സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളം 7000/- രൂപയായി നിജപ്പെടുത്തി.(ഈ തുകയുടെ കേന്ദ്ര വിഹിതം 4,200/- രൂപയും സംസ്ഥാന വിഹിതം 2,800/- രൂപയുമാണ്) ഈ തുക വളരെ കുറവായതിനാൽ സമഗ്രശിക്ഷാ കേരളത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുകയ്ക്ക് പുറമെ 7000/-രൂപ (ഏഴായിരം രൂപ) കൂടി സംസ്ഥാന സർക്കാർ അനുവദിക്കുകയും മാസശമ്പളമായി 14,000/- രൂപയുമാണ് പ്രസ്തുത അധ്യാപകർക്ക് നൽകിവരുന്നത്. |
| (സി) | ഇത്തരത്തിൽ ശമ്പളം വെട്ടിക്കുറക്കുന്നതിന് ആധാരമായ ചട്ടങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അല്ലെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്ലാൻ അപ്രൂവൽബോർഡ് അംഗീകരിക്കുന്ന തുകയാണ് ശമ്പള ഇനത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നൽകി വരുന്നത് . കേന്ദ്ര വിഹിതത്തിനു പുറമെ മുൻവർഷത്തെ പോലെ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തുല്യ ജോലിക്ക് തുല്യ വേതനം എന്ന നീതി നടപ്പിലാക്കുന്നതിലേക്കായി 2017-ൽ നിലവിലുണ്ടായിരുന്ന ശമ്പള രീതി പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത ശമ്പളം പുനഃസ്ഥാപിക്കണമെന്ന് നിരന്തരമായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു വരികയാണ് . |

സെക്ഷൻ ഓഫീസർ